"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - പരിസ്ഥിതി ദുർബല പ്രദേശങ്ങളുമായി ബന്ധപ്പെട്ട കേസുകളിലെ അപ്പീൽ സാധ്യത പരിശോധിക്കുന്നതിന് ഒരു ഉന്നത തല വിദഗ്ധ സമിതി രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഇ) വകുപ്പ്**

G.O.(Rt)No.44/2024/F&WLD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:-

1. കൊല്ലം ജില്ലയിലെ തെന്മല അച്ചൻകോവിൽ പ്രിയ എസ്റ്റേറ്റ് ഡയറക്ടർ ഡോ. കെ. ജി.സുരേഷ് ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനം.
2. കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ് സമർപ്പിച്ച 19.06.2023 തീയതിയിലെ ഇഎഫ്എൽ(10)-51398/2018 നമ്പർ കത്ത്.
3. അഡ്വക്കേറ്റ് ജനറൽ, കേരള -യുടെ 05.01.2024-ലെ No. SS(MIsc)18/2024/AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ തെന്മല അച്ചൻകോവിൽ പ്രിയ എസ്റ്റേറ്റിന്റെ 300 ഏക്കർ സ്ഥലം വനം വകുപ്പ് ഇഎഫ്എൽ ആയി പ്രഖ്യാപിക്കുകയും ആയതിനെതിരെ ഇഎഫ്എൽ ട്രൈബ്യൂണൽ, കൊല്ലം -ൽ ഒഎ 1/2010 ഫയൽ ചെയ്യുകയും ട്രൈബ്യൂണൽ 20-03-2018-ന് ടിയാന് അനുകൂലമായി വിധി പുറപ്പെടുവക്കുകയുമുണ്ടായി. വനം വകുപ്പ് അതിനെതിരെയായി അപ്പീൽ നല്കിയിരിക്കുന്നതിനാൽ തോട്ടം പുനരുജ്ജീവിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുന്നത് ആണെന്നും ആയതിനാൽ തോട്ടം പുനരാരംഭിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നും ഡോ. കെ. ജി.സുരേഷ് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) പ്രസ്തുത ട്രിബ്യൂണൽ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യാനുണ്ടായ സാഹചര്യം ഇഎഫ്എൽ കസ്റ്റോഡ്ിയൻ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2003-ലെ കേരള വനം (പരിസ്ഥിതിശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപത്മാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമത്തിലെ വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി യഥാർത്ഥ വസ്തുതകളും രേഖകളും പരിശോധിക്കാതെ അപ്പീൽ സാധ്യത അറിയിക്കുന്നത് ഉചിതമല്ല എന്നതും കൂടുതൽ അളവ് ഭൂമി ഉൾപ്പെടുന്ന കേസുകളിൽ വ്യക്തിഗത അഭിപ്രായം നൽകുമ്പോൾ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിൽ ഉണ്ടാകാവുന്ന ഭയം മൂലം എളുപ്പ വഴി എന്ന നിലയിൽ ഉദ്യോഗസ്ഥർ ഇത്തരം എല്ലാ കേസുകളിലും അപ്പീൽ സാധ്യത ഉള്ളതായി അറിയിക്കുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത് എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4) വിജയകരമായ അപ്പീൽ സാധ്യത വേണ്ട വിധം പരിശോധിക്കപ്പെടാത്തതും, വ്യക്തിഗത അഭിപ്രായം

നൽകുന്നത് നിമിത്തമുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കി, നീതിയുക്തമായി തീരുമാനം കൈക്കൊള്ളുന്നതിനായി, പരാമർശം (1)- ലെ നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന വിഷയമുൾപ്പെടെ ബഹു. കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ള ഇത്തരം കേസുകളിൽ വിജയകരമായ അപ്പീൽ സാധ്യത പരിശോധിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഉന്നതതല വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അഡിഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ് (ചെയർമാൻ & കൺവീനർ)
2. സെക്രട്ടറി, നിയമ വകുപ്പ് (അംഗം)
3. ശ്രീ. ധർമജൻ (റിട്ടയേർഡ് ജില്ലാ ജഡ്ജി), "ശ്രീപാദം", ഊരൂട്ടുകാല, നെയ്യാറ്റിൻകര.പി.ഒ, തിരുവനന്തപുരം (അനൗദ്യോഗിക അംഗം)
4. ശ്രീ.എൻ.മനോജ്കുമാർ. സ്റ്റേറ്റ് അറ്റോർണി, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം (അഡ്വക്കേറ്റ് ജനറലിന്റെ പ്രതിനിധി) (അംഗം)
5. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അഥവാ ടിയാൻ നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ-ൽ കുറയാത്ത ഉദ്യോഗസ്ഥൻ.(അംഗം)

5) അനൗദ്യോഗിക അംഗം എന്ന നിലയിൽ റിട്ടയേർഡ് ജില്ലാ ജഡ്ജിക്കുള്ള സിറ്റിംഗ് ഫീ/ട്രാവലിംഗ് അലവൻസ്, ഡീയർനെസ് അലവൻസ് / ഹോണറേറിയം എന്നിവ സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
ADDITIONAL CHIEF SECRETARY

1) അഡ്വക്കേറ്റ് ജനറൽ, കേരള
2) അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്.
3) സെക്രട്ടറി, നിയമ വകുപ്പ്.
4) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
5) അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & കസ്റ്റോഡിയൻ ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
6) ശ്രീ.എൻ.മനോജ്കുമാർ, സ്റ്റേറ്റ് അറ്റോർണി, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം- 682 031.
7) ശ്രീ. ധർമജൻ (റിട്ടയേർഡ് ജില്ലാ ജഡ്ജി), "ശ്രീപാദം", ഊരൂട്ടുകാല, നെയ്യാറ്റിൻകര.പി.ഒ, തിരുവനന്തപുരം.

8) വെബ് & ന്യൂ മീഡിയ

9) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

Date: 29-01-2024 14:53:36

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്